പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 8, 2017

**ഭാരതത്തിൽ ബാങ്കിംഗ് ഇടപാടുകൾ നടത്തുവാനുള്ള ലൈസൻസ് റദ്ദുചെയ്യലും അർബൻ സഹകരണ ബാങ്കിനെ സഹകരണസംഘമായി പരിവർത്തനം ചെയ്യലും.**
**1949 ലെ ബാങ്കിംഗ്, റഗുലേഷൻ നിയമത്തിലെ 22, 36 (A)(2) വകുപ്പുകൾ**
**സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, അഹമ്മദാബാദ് (ഗുജറാത്ത്)**

2017 ജനുവരി 13 ലെ ഉത്തരവു പ്രകാരം ഭാരതീയ റിസർവ് ബാങ്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് സഹകരണ ബാങ്കിന് നല്കിയ ലൈസൻസ് റദ്ദു ചെയ്ത വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി വിജ്ഞാപനം ചെയ്യുന്നു. അതിനാൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ 5(cci), 56 എന്നീ വകുപ്പുകളിൽ നിർവചിച്ചിട്ടുള്ള സഹകരണ ബാങ്ക് എന്ന സ്ഥാപനം ഇല്ലാതായി എന്നും ഈ നിയമത്തിലെ ബാങ്കിന് ബാധകമായ ഒരു വ്യവസ്ഥയും ഈ സ്ഥാപനത്തിന് ബാധകമല്ലാ എന്നും അറിയിക്കുന്നു. ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബാങ്കിംഗ് ഇടപാടുകൾ നടത്തുവാനുള്ള അവകാശം സ്ഥാപനത്തിന് നിഷേധിച്ചിരിക്കുന്നു. അതിനാൽ നിയമത്തിലെ 5(b) വകുപ്പു പ്രകാരം ബാങ്കിംഗ് ഇടപാടുകൾ, നിക്ഷേപങ്ങൾ വാങ്ങലും തിരിച്ചു നൽകലും ഉൾപ്പെടെ, നടത്തുന്നതിൽ നിന്നും സ്ഥാനത്തെ വിലക്കിയിരിക്കുന്നു.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന:**2016-2017/2134**